പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3429**

24.06.2013 ൽ മറുപടിയ്ക്ക്

## സ്കൂളുകളിൽ "കുട്ടിപ്പരാതിപ്പെട്ടി"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | ആഭ്യന്തര വകുപ്പ് സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ "കുട്ടിപ്പരാതിപ്പെട്ടി" സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനകം എത്ര സ്കൂളുകളിൽ "കുട്ടിപ്പരാതിപ്പെട്ടി" സ്ഥാപിച്ചു ; അവശേഷിക്കുന്ന എല്ലാ സർക്കാർ / എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിലും ഇത്തരം പരാതിപ്പെട്ടികൾ സ്ഥാപിക്കാൻ ആഭ്യന്തര വകുപ്പ് അതാത് പോലീസ് സ്റ്റേഷനുകളിൽ കർശന നിർദ്ദേശം നൽകുമോ ; വിശദമാക്കുമോ ; | (ബി) | 3051 സ്കൂളുകളിൽ ഇതിനകം "കുട്ടിപ്പരാതി പ്പെട്ടി" സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിൽ സ്ഥാപിക്കുന്നതിനു വേണ്ടിയു ള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | "കുട്ടിപ്പരാതിപ്പെട്ടി"യുടെ ഉദ്ദേശ്യലക്ഷ്യ ങ്ങൾ വ്യക്തമാക്കുമോ ; | (സി) | കുട്ടികൾ പരാതി എഴുതി സ്ഥലത്തെ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ പേർക്ക് പരാതിപ്പെട്ടിയിൽ നിക്ഷേപിച്ചാൽ അത് പോലീസ് സ്റ്റേഷനിലെ ഒരു ഉദ്യോഗസ്ഥൻ ശേഖരിച്ച് പോലീസ് സ്റ്റേഷനിൽ എത്തിച്ച് അതിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കുട്ടികൾക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്ക് പോലീസ് സ്റ്റേഷനുകളിൽ ചെന്ന് പരാതി നൽകുന്നത് ഒഴിവാക്കുന്നതിന് ഇത് സഹായിയ്ക്കുന്നു. |

......2

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യാതിരിക്കാനും, സുതാര്യമാക്കുവാനും ഇതിന്റെ പരിശോധനയും, പരാതി സ്വീകരിക്കലും എപ്രകാരം നിർവ്വഹിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ; | (ഡി) | പരാതിപ്പെട്ടികൾ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകന്റെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിച്ച് അവ സംബന്ധിച്ച് വസ്തുനിഷ്ഠമായ അന്വേഷണം നടത്തിയ ശേഷമാണ് പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നത്. |
| (ഇ) | പ്രസ്തുത പദ്ധതി വഴി ലഭിക്കുന്ന പരാതികൾ അതാതു ദിവസംതന്നെ സ്റ്റേഷൻ രജിസ്റ്ററുകളിൽ രേഖപ്പെടുത്താനും, ഒരാഴ്ചയ്ക്കുള്ളിൽ സ്വീകരിച്ച നടപടി ഡി.ജി.പി.യെ അറിയിക്കാനും തുടർ നടപടികൾ ഡി.ജി.പി. സ്വന്തം നിയന്ത്രണത്തിലാക്കാനും നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (ഇ) | പരാതികൾ അതാതു ദിവസം തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കുകയും ആവശ്യമായ റിപ്പോർട്ടുകൾ സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ